പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2923 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുമരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്ന നിരക്കുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പാറക്കൽ അബ്ദുല്ല	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ 2022-ലെ ഡി.എസ്.ആർ. നിരക്കുകൾ അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

മറുപടി: 26.02.2025 ലെ ജി.ഒ (പി) നം. 21/2025/ഫിൻ പ്രകാരം സിവിൽ പ്രവൃത്തികൾക്ക് Delhi Schedule of Rates (DSoR) 2021 ഉം, 12.04.2025 ലെ ജി.ഒ (പി) നം. 11/2025/പി.ഡബ്ല്യു.ഡി. പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് DSoR 2022 ഉം, ഹോർട്ടികൾച്ചർ & ലാന്റ് സ്കേപ്പിങ്ങ് പ്രവൃത്തികൾക്ക് DSoR 2020 ഉം ആണ് നിലവിലുള്ളത്.

(ബി) വിപണിയിലെ വിലക്കയറ്റത്തിനനുസൃതമായി മാനുവൽ പ്രകാരം നിരക്കുകൾ പുതുക്കാത്തത് നിർമ്മാണ മേഖലയേയും ഗുണനിലവാരത്തേയും ബാധിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

മറുപടി: DSoR നിരക്ക്, LMR നിരക്ക്, കരാറുകാർ ക്വാട്ട് ചെയ്ത നിരക്ക് എന്നിവ താരതമ്യം ചെയ്താണ് പ്രവൃത്തികൾ കരാറുകാർക്ക് സ്ഥിരപ്പെടുത്തികൊടുക്കുന്നത്. DSoR നിരക്ക് പുതുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. നിരക്കുകൾ പുതുക്കാത്തത് നിർമ്മാണമേഖലയേയോ പ്രവൃത്തികളുടെ ഗുണനിലവാരത്തെയോ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പുതിയ കേന്ദ്ര ഡി.എസ്.ആർ. നിരക്കുകൾ അല്ലെങ്കിൽ പുതുക്കിയ കോസ്റ്റ് ഇൻഡെക്സ് പ്രാബല്യത്തിൽ വരുത്തി പ്രൈസ് സോഫ്റ്റ്വെയറിൽ കാലാനുസൃത മാറ്റം വരുത്തുമോ?

മറുപടി: കോസ്റ്റ് ഇൻഡെക്സ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ